മാർച്ച് 14, 2014

# സുപ്രീംകോടതിയെയും തെര. കമ്മിഷനെയും മാധ്യമങ്ങളെയും എന്തിന് കുറ്റപ്പെടുത്തണം?

**അരുൺ ജെയ്റ്റ്ലി,**
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

വിദേശകാര്യമന്ത്രി സൽമാൻ ഖുർഷിദ് ലണ്ടനിൽ ഒരു പ്രഭാഷണത്തിനിടെ, സുപ്രീം കോടതിയും ഇലക്ഷൻ കമ്മിഷനും  അവരുടെ അധികാര പരിധിവിട്ട് സഞ്ചരിക്കുന്നു എന്ന അർത്ഥത്തിൽ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ജനാധിപത്യത്തിൽ പരമാധികാരം നിർണ്ണയിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ്. അല്ലാതെ, തെരഞ്ഞെടുപ്പു നേരിടാത്ത ഏതാനും ആളുകളല്ല എന്ന വിശ്വാസമാണ് അദ്ദേഹം വച്ചുപുലർത്തുന്നത്. ഈ വാദം തെറ്റിദ്ധാരണാജനകവും തെറ്റായ സന്ദേശം നൽകുന്നതുമാണ്.

ഇന്ത്യൻ ഭരണഘടന പ്രകാരം അധികാരങ്ങൾ വ്യക്തമായി വേർതിരിച്ചിട്ടുണ്ട്. നിയമം വ്യാഖ്യാനിക്കാനുള്ള ഉത്തരവാദിത്വം നീതിന്യായ കോടതികളിലാണ് നിക്ഷിപ്തമായിട്ടുള്ളത്. നിയമനിർമ്മാണസഭ രൂപം നൽകുന്ന ഏതു നിയമത്തിന്റെയും സാധുത നിയമപരമായി അവലോകനം ചെയ്യാനുള്ള അവകാശം കോടതികൾക്കുണ്ട്. ഭരണനിർവ്വാഹകർ എടുക്കുന്ന എല്ലാ തീരുമാനങ്ങളും നിയമപരമായ അവലോകനത്തിന് വിധേയമാക്കാൻ കോടതികൾക്കാവും. കോടതികളുടെ അധികാരപരിധി തീരുമാനിക്കാനുള്ള അവകാശം കോടതികൾക്കു തന്നെയാണ്. സാധാരണഗതിയിൽ ഭരണനിർവ്വാഹകരുടെ തീരുമാനം അപ്പാടെ കോടതികൾ അംഗീകരിക്കണമെന്നില്ല. നയരൂപീകരണം ഭരണനിർവ്വാഹകരുടെ ജോലിയാണ്; നിയമനിർമ്മാണം നിയമനിർമ്മാണസഭകളുടെയും. കോടതികൾ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ഭരണഘടനാലംഘനമോ ഏകപക്ഷീയമായ തീരുമാനങ്ങളോ കൈക്കാള്ളുമ്പോൾ അതിൽ ഇടപെടാനും നിയന്ത്രിക്കാനും കോടതികൾക്ക് അധികാരമുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ കാര്യങ്ങൾ നടപ്പാക്കാൻ കോടതിക്ക് ഭരണനിർവ്വാഹകരോട് നിർദ്ദേശിക്കാം. ഒരു പ്രത്യേക തീരുമാനം കൈക്കൊള്ളുമ്പോൾ അതിന് ആധാരമായി ന്യായീകരിക്കത്തക്ക കാരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താനും കോടതികൾക്കാവും. ഏതു തീരുമാനമെടുത്താലും അതിനുള്ള കാരണങ്ങൾ വിശദമാക്കാൻ ഉത്തരവാദപ്പെട്ടവർക്ക് ബാധ്യതയുണ്ട്. അങ്ങനെ കാരണങ്ങൾ വിശദീകരിക്കുമ്പോൾ അവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. നിയമം വ്യാഖ്യാനിക്കുമ്പോഴും തീരുമാനങ്ങൾ കോടതികൾ അവലോകനം ചെയ്യുമ്പോഴും ഭരണഘടനാതത്ത്വങ്ങളുടെയും യുക്തിയുടെയും അതിരുകൾ നിർണ്ണയിക്കാനും കോടതികൾക്ക് അവകാശമുണ്ട്. അവയെ നമുക്കു വേണമെങ്കിൽ ജഡ്ജുമാരുണ്ടാക്കുന്ന നിയമമെന്നു വിളിക്കാം. ഭരണകർത്താക്കൾ പാലിക്കേണ്ട നിയമങ്ങളും നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പലപ്പോഴും സുപ്രീം കോടതി നൽകാറുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി കോടതിവിധികളിലൂടെ അധികാരത്തിന്റെ വേർതിരിവ് ഇല്ലാതായിട്ടുണ്ട്. എന്നാൽ, ഇത് ചില അപവാദങ്ങൾ മാത്രമാണ്. സാധാരണ നടപടിക്രമങ്ങളുമായി പൊരുത്തപ്പെടാത്ത ചില സംഭവങ്ങളും ഉണ്ടാകാറുണ്ട്. എന്നാൽ, ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഇന്ത്യയുടെ നീതിന്യായ സംവിധാനത്തിന്റെ പ്രവർത്തനത്തിന്റെ സാധാരണ രീതിയായി കാണാനാവില്ല.

ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മിഷൻ ഇന്നത്തെ നിലയിലായത് കുറേ വർഷത്തെ പരിണതഫലമായാണ്. സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പുകൾ നടത്താനുള്ള പ്രധാന ഉത്തരവാദിത്വം ഈ സ്ഥാപനത്തിൽ നിക്ഷിപ്താണ്. ആ കടമ ആ സ്ഥാപനം ഭംഗിയായി നിർവ്വഹിച്ചിട്ടുമുണ്ട്. ഇന്ത്യൻ ജനാധിപത്യം നല്ല രീതിയിൽ നിലനിൽക്കുന്നതിന്റെ പ്രധാന കാരണം സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പു സംവിധാനവും സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥയുമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ പാരമ്പര്യം ശക്തിപ്പെടുത്തുന്നതിൽ നിഷ്പക്ഷ മാധ്യമങ്ങൾക്കും ഊർജ്ജസ്വലമായ പാർലമെന്ററി ജനാധിപത്യത്തിനും സുപ്രധാനമായ പങ്കുണ്ട്. തുടക്കത്തിൽ തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടങ്ങൾ നിയമവിധേയമല്ലായിരുന്നു. എന്നാൽ, ഭരണഘടനയുടെ 324-ാം അനുഛേദം അനുസരിച്ച് ഇലക്ഷൻ കമ്മിഷന്റെ അധികാരപരിധിയിൽപ്പെട്ടതും നിയമവിധേയവുമാണ് അത്. 2002-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടങ്ങൾക്ക് കോടതിയുടെ അനുമതിയും കൈവന്നു. അതതു കാലങ്ങളിൽ ഭരിക്കുന്ന സർക്കാരുകൾക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നതാണെങ്കിലും തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടങ്ങൾ മൂലമാണ് നമ്മുടെ നാട്ടിൽ സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പിന്  കളമൊരുങ്ങിയത്. നമ്മുടെ ഈ സ്ഥാപനങ്ങളെ സർക്കാരിലെ ഒരു മന്ത്രിതന്നെ ഒരു അന്യരാജ്യത്ത് വിമർശനവിധേയമാക്കിയത് അസാധാരണമായ സംഭവമാണ്. ഇന്ത്യൻ ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ച സ്ഥാപനങ്ങളാണ് ഇവ.

അരവിന്ദ് കേജ്രിവാളാണ് അലോസരപ്പെടുത്തുന്ന അഭിപ്രായപ്രകടനം നടത്തിയ മറ്റൊരാൾ. മാധ്യമങ്ങളെ കൈകാര്യം ചെയ്യുന്നത് നരേന്ദ്രമോദിയാണെന്നും മോദിതരംഗം സൃഷ്ടിക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നതെന്നുമാണ് അദ്ദേഹത്തിന്റെ ആരോപണം. ഇതിനായി മാധ്യമങ്ങൾ പണം വാങ്ങുന്നതായി അനുമാനിക്കുന്നെന്നും താൻ കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ ഇതിന് ഉത്തരവാദികളായ പത്രപ്രവർത്തകരെ തുറുങ്കിലടയ്ക്കുമെന്നുമാണ് അദ്ദേഹത്തിന്റെ വീരവാദം. എന്നാൽ തന്റെ ഈ അഭിപ്രായപ്രകടനം വിവാദമായെന്നു

കണ്ടപ്പോൾ അത് നിഷേധിച്ച് അദ്ദേഹം രംഗത്തു വന്നു.

ആധികാരികമായ തെളിവുകളില്ലാതെ ആർക്കെതിരെയും എന്ത് ആരോപണവും അദ്ദേഹം ഉന്നയിക്കുന്നു. ജനനായകൻ എന്നവകാശപ്പെടുന്ന അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ വല്ലാത്ത ആശയദാരിദ്ര്യം അനുഭവിക്കുന്നു. ഇത്തരം വ്യക്തികൾ ജനാധിപത്യസ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്തം അപകടകരമാണ്. ലഘുവായി പറഞ്ഞാൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന സിദ്ധാന്തം ഇതാണ്: ''മാധ്യമങ്ങൾ സത്യസന്ധമല്ലാത്തതിനാൽ അവയെ ഒരു പാഠം പഠിപ്പിക്കണം. തെരഞ്ഞെടുപ്പിൽ മോദിക്ക് അനുകൂലമായ വിധിയെഴുത്തുണ്ടാകും എന്ന റിപ്പോർട്ടുകളാണ് ഈ സത്യസന്ധതയില്ലായ്മയ്ക്കുള്ള തെളിവ്. ക്യാമറയിൽ രേഖപ്പെടുത്തിയ ഈ പ്രസ്താവന പിന്നീട് നിഷേധിക്കാൻ അദ്ദേഹത്തിന് ഒരു ഉളുപ്പുമുണ്ടായില്ല.

നീതിന്യായവ്യവസ്ഥ, സ്വതന്ത്ര മാധ്യമപ്രവർത്തനം, ഇലക്ഷൻ കമ്മിഷൻ എന്നീ ജനാധിപത്യ സ്ഥാപനങ്ങളോട് സൽമാൻ ഖുർഷിദും അരവിന്ദ് കേജ്രിവാളും രോഷം കൊള്ളുന്നതെന്തിനാണ്? അവരുടെ ഇത്തരം വിമർശനം പക്വമായ രാഷ്ട്രീയപ്രവർത്തനത്തിന്റെ ലക്ഷണമല്ല. വിജയങ്ങളും പരാജയങ്ങളും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗങ്ങളാണ്. വ്യക്തികളല്ല, മറിച്ച് ഇന്ത്യയും ഇന്ത്യൻ ജനാധിപത്യവുമാണ് അനശ്വരമായത്. തെരഞ്ഞെടുപ്പ് ഗോദയിൽ പരാജയപ്പെടുമെന്ന ആശങ്കയിൽ ഇന്ത്യയിലെ ജനാധിപത്യസ്ഥാപനങ്ങളെല്ലാം സന്ധി ചെയ്യുന്നവരാണെന്ന വിശ്വാസത്തിൽ സൽമാൻ ഖുർഷിദിനെയും അരവിന്ദ് കേജ്രിവാളിനെയും പോലുള്ള ആളുകൾ എത്തിച്ചേരുന്നത് നിർഭാഗ്യകരമാണ്.